# കുട്ടികൾക്കായുള്ള റിപ്പബ്ലിക് ദിന പ്രസംഗം 2025

വേദിയിലും സദസ്സിലുമിരിക്കുന്ന ബഹുമാന്യരെ, പ്രിയപ്പെട്ടവരെ...

ഇന്ന് രാജ്യം 76-ാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുകയാണ്. ഇരുന്നൂറു വർഷങ്ങൾ നീണ്ട ബ്രിട്ടീഷ് കൊളോണിയൽ വാഴ്ച്ച അവസാനിപ്പിച്ച് 1947ൽ രാജ്യം സ്വതന്ത്രമായെങ്കിലും ഇന്ത്യയെന്ന ആശയം പൂർണ്ണമായത് 1950 ജനുവരി 26-ന് ഭരണഘടന നിലവിൽ വന്നതോടെയാണ്. നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മൂല്യങ്ങൾ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ ഇന്ത്യൻ ഭരണഘടനക്ക്, എഴുതിത്തയ്യാറാക്കിയ ഏറ്റവും വലിയ ഭരണഘടന എന്ന പ്രത്യേകത കൂടിയുണ്ട്. നാനാത്വത്തിൽ ഏകത്വമെന്ന, ലോകത്തിന് അത്ര പരിചിതമല്ലാതിരുന്ന, ഒരാശയം പ്രാവർത്തികമാക്കി കാട്ടിയതും ഇതേ ഭരണഘടനയാണ്.

1947ൽ സ്വാതന്ത്ര്യ പ്രഖ്യാപനത്തിനുശേഷവും ബ്രിട്ടീഷുകാർ 1935ൽ സ്ഥാപിച്ച ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ടാണ് നിലനിന്നിരുന്നത്. സ്വന്തമായി ഒരു ഭരണഘടന തയ്യാറാക്കാൻ അംബേദ്കറെ ചെയർമാനാക്കി ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിക്കുകയും 1949 നവംബർ 26ന് ഇന്ത്യൻ ഭരണഘടനാ അസംബ്ലി ഇന്ത്യൻ ഭരണഘടന അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 1950 ജനുവരി 26ന് ഇന്ത്യയുടെ ഭരണഘടന രാജ്യമെമ്പാടും പ്രാബല്യത്തിൽ വരികയും ഇന്ത്യ ഔദ്യോഗികമായി ഒരു റിപ്പബ്ലിക് ആയി മാറുകയും ചെയ്തു.

'റെസ് പബ്ലിക്ക' എന്ന ലാറ്റിൻ പദത്തിൽ നിന്ന് ഉത്ഭവിച്ച റിപ്പബ്ലിക്ക് എന്ന വാക്കിന്റെ അർത്ഥം 'ജനക്ഷേമരാഷ്ട്രം' എന്നാണ്. ഒരു ഭരണഘടനയ്ക്ക് കീഴിൽ രാജ്യത്തെ ഭരണം നിർവ്വഹിക്കുന്നതിനുള്ള രാഷ്ട്രത്തലവനെ ജനങ്ങൾ തന്നെ തെരഞ്ഞെടുക്കുന്ന, ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്ന രാഷ്ട്രങ്ങളെയാണ് 'റിപ്പബ്ലിക്' എന്ന് വിളിക്കുന്നത്.

ഭരണഘടന ഏറ്റവുമധികം പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന കാലഘട്ടത്തിലാണ് മറ്റൊരു റിപ്പബ്ലിക് ദിനം കൂടി കടന്നുവരുന്നത്. പലകോണുകളിൽ നിന്നായി ഭര

ണഘടനയെ തകിടം മറിക്കാനുള്ള ശ്രമങ്ങളും, ഭരണഘടനാ ശില്പിയായ ഡോ. ബി.ആർ. അംബേദ്കറുടെ നേരെയുള്ള വിദ്വേഷ പരാമർശങ്ങളുമെല്ലാം പത്രമാധ്യമങ്ങളിൽ വാർത്തകൾ സൃഷ്ടിച്ചത് ഈയടുത്താണ്.

മതനിരപേക്ഷതയും ഇന്ത്യയുടെ ആത്മാവായ വൈവിധ്യങ്ങളും ഇന്ന് വെല്ലുവിളികൾ നേരിടുകയാണ്. ഇന്ത്യയെ ഒരു ഭാഷയും ഒരു മതവും ഒരു സംസ്കാരവുമായി മാറ്റാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. റിപ്പബ്ലിക് ദിനം നമ്മുടെ ഭരണഘടനയുടെ ആഘോഷം മാത്രമല്ല, അത് ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളുടെയും തത്വങ്ങളുടെയും ഓർമ്മപ്പെടുത്തൽ കൂടിയാണ്. ഭരണഘടന അനുശാസിക്കുന്ന വിധം ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി നിലനിർത്തേണ്ടത് ഈ രാജ്യത്തെ പൗരന്മാരെന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തമാണ്. ഭരണഘടന വെല്ലുവിളി നേരിടുമ്പോൾ കാവലാളായി മാറേണ്ടത് നമ്മൾ ഓരോരുത്തരുമാണ്.

രാജ്യത്തിന്റെ വൈവിധ്യങ്ങളുടെ പ്രദർശനം കൂടിയാകാറുണ്ട് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ നടത്തപ്പെടുത്തുന്ന പരേഡ്. വിവിധ സംസ്ഥാനങ്ങൾ തങ്ങളുടെ തനത് സംസ്കാരങ്ങൾ പ്രദർശിപ്പിക്കുന്ന വേദിയാണ് റിപ്പബ്ലിക് ദിന പരേഡ്. രാജ്യത്തിന്റെ പരമോന്നത പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നതും റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചാണ്.

ഇന്ന് നാം ദേശീയ പതാക ഉയർത്തി ദേശീയ ഗാനം ആലപിക്കുമ്പോൾ, നമ്മുടെ സ്വാതന്ത്ര്യത്തിനായി ധീരമായി പോരാടിയ സ്വാതന്ത്ര്യ സമര സേനാനികളുടെ ത്യാഗത്തെ നമുക്ക് സ്മരിക്കാം. നമ്മുടെ ജനാധിപത്യ റിപ്പബ്ലിക്കിന അടിത്തറ പാകിയ ദാർശിനികരുടെ മുന്നിൽ നമുക്ക് ആദരവർപ്പിക്കാം. ഇന്ത്യയെന്ന ആശയത്തെ പൂർണ്ണമാക്കിയ ഭരണഘടനാ ശില്പികളുടെ ഓർമ്മകൾക്കു മുന്നിൽ അഞ്ജലിയർപ്പിക്കാം.

എല്ലാവർക്കും റിപ്പബ്ലിക് ദിനാശംസകൾ നേർന്നുകൊണ്ട് നിർത്തുന്നു

നന്ദി നമസ്കാരം

ജയ് ഹിന്ദ്!